11504
24/5/17

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - മലപ്പുറം സർക്കാർ വനിതാ കോളേജിൽ ഇംഗ്ലീഷ്, കെമിസ്ട്രി വിഷയങ്ങളിൽ മൂന്ന് അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(എം.എസ്.)നം.133/2017/ഉ.വി.വ.      തീയതി, തിരുവനന്തപുരം : 20.05.2017**

പരാമർശം :- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.08.2016 – ലെ പി1/7570/2015/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെ 16 മണിക്കൂർ വർക്ക് ലോഡുള്ള 4 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നും പുതുതായി ആരംഭിച്ച കോളേജുകളിൽ 13 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലും 13 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം സർക്കാർ വനിതാ കോളേജിൽ ഇംഗ്ലീഷ് വിഷയത്തിൽ രണ്ടും കെമിസ്ട്രി വിഷയത്തിൽ ഒന്നും അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

ഇതിനാവശ്യമായ ചെലവ് 2202-03-103-99-01-Salaries (Non Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.ഉഷ ടൈറ്റസ്**
**സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ വനിതാ കോളേജ്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (22.03.2017 ലെ EDN - B3/45/16/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ/ ഡയറക്ടർ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 17-05-2017

ഫയൽ നം.എഫ്2/113/2016/ഉ.വി.വ. ഇനം നം: 1030

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - മലപ്പുറം സർക്കാർ വനിതാ കോളേജിൽ ഇംഗ്ലീഷ്, കെമിസ്ട്രി വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എഫ്2/113/2016/ഉ.വി.വ |
| 2 | വകുപ്പ് | : ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : മലപ്പുറം സർക്കാർ വനിതാ കോളേജിൽ ഇംഗ്ലീഷ്, കെമിസ്ട്രി വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 22/04/2017 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീ. സാജു പീറ്റർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ഡോ. ഉഷ ടൈറ്റസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 08/05/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 11/05/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 12/05/2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 16/05/17 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മലപ്പുറം സർക്കാർ വനിതാ കോളേജിൽ ഇംഗ്ലീഷ്, കെമിസ്ട്രി വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2. മലപ്പുറം സർക്കാർ വനിതാ കോളേജ് 2015-16 ൽ ആരംഭിച്ചു. ഇവിടെ 4 കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് : B.Sc ബോട്ടണി, B.Sc കെമിസ്ട്രി, BA ഇംഗ്ലീഷ്, BA ഇസ്ലാമിക് ഹിസ്റ്ററി.

3. ടി കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെ 16 മണിക്കൂർ വർക്ക് ലോഡുള്ള 4 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാവുന്നതാണെന്നും പുതുതായി ആരംഭിച്ച കോളേജുകളിൽ 13 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലും 13 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാവുന്നതാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ടി കോളേജിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി വർക്ക് ലോഡ് സ്റ്റേറ്റ്മെന്റും, സാമ്പത്തിക ബാദ്ധ്യത എന്നിവ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

**ഇംഗ്ലീഷ് - 2, കെമിസ്ട്രി - 1 എന്നിങ്ങനെ മൂന്ന് അദ്ധ്യാപക തസ്തികകൾ 2017-18 അദ്ധ്യയന വർഷം മുതൽ മന്ത്രിസഭയുടെ അനുമതിയോടെ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.**

**ഇതിന് ബഹു. ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.**

5. മേൽ അഭിപ്രായ പ്രകാരം മൂന്ന് അദ്ധ്യാപക തസ്തികകൾ പുതുതായി

അനുവദിക്കുമ്പോൾ ഒരു വർഷത്തേയ്ക്കുള്ള അധിക സാമ്പത്തിക ബാദ്ധ്യത 17,02,944/- രൂപയാണ്. പ്രസ്തുത ചെലവ് 2202-03-103-99-01 Salaries (Non Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

6. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

മലപ്പുറം സർക്കാർ വനിതാ കോളേജിൽ ഇംഗ്ലീഷിൽ 2 -ഉം കെമിസ്ട്രിയിൽ 1-ഉം അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കാവുന്നതാണോ ?